## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2375 20.6.2012-ൽ മറുപടിയ്ക്ക്

### തിരുവമ്പാടി കൊടിയത്തൂർ ഐലാക്കോട് കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മോയിൻകുട്ടി | | ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി | |
| (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ഐലാക്കോട് കുടിവെള്ള പദ്ധതി നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുടെ കീഴിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിലൂടെ കുടിവെള്ള വിതരണവും മറ്റും കാര്യക്ഷമമായി നടത്താൻ കഴിയും എന്നത് കണക്കിലെടുത്ത് ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ | (ബി) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 3,4,7,11,12 എന്നിവയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയായ ഐലാക്കോട് ശുദ്ധജല വിതരണ പദ്ധതി എൻ.സി/പി.സി വിഭാഗത്തിൽപ്പെടുത്തി കമ്മീഷൻ ചെയ്ത് കൊടിയത്തൂർ പഞ്ചായത്തിന് കൈമാറിയതാണ്. ഒരു പഞ്ചായത്തിൽ മാത്രമായിട്ടുള്ള കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണമെന്നതാണ് നിലവിലുള്ള മാർഗ്ഗ നിർദ്ദേശം. |

സെക്ഷൻ ഓഫീസർ